പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 173          18.06.2012-ൽ മറുപടിയ്ക്ക്

മാറാട് കേസിൽ സി.ബി.ഐ. അന്വേഷണത്തിന് ശുപാർശ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. എളമരം കരീം<br>ശ്രീ. പി.റ്റി.എ. റഹീം<br>ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) മാറാട് കേസിൽ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടത് ആരായിരുന്നു; | (എ) മാറാട് സംഭവത്തിനു പിന്നിലെ ഗൂഢാലോചനയും മറ്റും സംബന്ധിച്ച്, സെൻട്രൽ ഇന്റലിജൻസ് ബ്യൂറോ, സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ, ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസ് എന്നിവയിലെ ഉദ്യോഗസ്ഥരടങ്ങുന്ന ഒരു ബഹുതല ഏജൻസി അന്വേഷണം നടത്തണമെന്ന് ശുപാർശ ചെയ്തത് മാറാട് സംഭവം സംബന്ധിച്ച ജുഡീഷ്യൽ അന്വേഷണ കമ്മീഷനാണ്. അതേത്തുടർന്ന് ഇക്കാര്യത്തിൽ സി.ബി.ഐ. അന്വേഷണം നടത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു. |
| (ബി) ഇതിന്റെ അടിസ്ഥാനത്തിൽ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് ശുപാർശ നൽകുകയുണ്ടായോ; | (ബി) നൽകുകയുണ്ടായി. |
| (സി) എങ്കിൽ കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ നൽകിയ മറുപടി എന്തായിരുന്നു; | (സി) പ്രധാന സംഭവവും അതിനുപിന്നിലെ ഗൂഢാലോചനയും പരസ്പര ബന്ധിതമായതിനാൽ പ്രധാന സംഭവം അന്വേഷിക്കാതെ അതിനുപിന്നിലെ ഗൂഢാലോചന സംബന്ധിച്ചു മാത്രം അർത്ഥവത്തായ ഒരന്വേഷണം നടത്താൻ സി.ബി.ഐ.ക്ക് കഴിയില്ല, സംഭവം നടന്ന് നാലു വർഷങ്ങൾക്കുശേഷം ഇക്കാര്യത്തിൽ ഫലപ്രദമായ സി.ബി.ഐ. അന്വേഷണം നടത്തുന്നത് പ്രായോഗികമല്ല, എന്നിങ്ങനെയാണ് 2007-ൽ കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ നല്കിയ മറുപടി. കേന്ദ്ര സർക്കാരിന്റെ തുടർന്നുള്ള മറുപടികളിൽ മേൽ നിലപാട് ആവർത്തിക്കുകയാണ് ചെയ്തത്. |

| | |
|---|---|
| (ഡി) സി.ബി.ഐ. അന്വേഷണത്തിന് ഈ സർക്കാർ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) ഇതു സംബന്ധിച്ച അന്വേഷണം ഒരു പ്രത്യേക അന്വേഷണ സംഘത്തെ ഏല്പിച്ചുകൊണ്ട് 6.4.2010-ൽ സർക്കാർ ഉത്തരവിട്ടു. ക്രൈംസ് വിഭാഗം അഡീഷണൽ പോലീസ് ഡയറക്ടർ ജനറലിന്റെ മേൽനോട്ടത്തിൽ പ്രസ്തുത സംഘം അന്വേഷണം നടത്തി വരുന്നതിനാൽ സി.ബി.ഐ. അന്വേഷണത്തിന് കേന്ദ്ര സർക്കാരിൽ പിന്നീട് സമ്മർദ്ദം ചെലുത്തുകയുണ്ടായില്ല. |
| (ഇ) ഈ കേസിൽ സി.ബി.ഐ. അന്വേഷണം ആവശ്യമാണെന്ന് കരുതുന്നുണ്ടോ? | (ഇ) മാറാട് സംഭവം സംബന്ധിച്ച അന്വേഷണം, പ്രത്യേക അന്വേഷണസംഘം നടത്തി വരികയാണ്. അന്വേഷണം സി.ബി.ഐ.ക്ക് കൈമാറണം എന്നാവശ്യപ്പെട്ടുകൊണ്ട് സമർപ്പിക്കപ്പെട്ടിട്ടുള്ള രണ്ട് റിട്ട് പെറ്റീഷനുകൾ ഇപ്പോൾ ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ